നമ്പർ. ജി4/12433/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി : 18.01.2011

**<u>സർക്കുലർ നം. 07/2011</u>**

വിഷയം: മോട്ടോർ വാഹന വകുപ്പ് — ഡ്രൈവിംഗ് ടെസ്റ്റ് കാര്യക്ഷമമായി നടപ്പാക്കുന്നതിനും തദവസരത്തിൽ സ്ത്രീകളോട് മാന്യമായും, ബഹുമാനത്തോടുകൂടിയും പെരുമാറി ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നിർദ്ദേശം നൽകുന്നത് — സംബന്ധിച്ച്

സൂചന: സർക്കുലർ നം.13/87, 26/87, 28/88, 13/90 ഉം, സി1/ജി3/1277/റ്റി.സി/2006, 19.10.2010

സൂചനയിലെ സർക്കുലറുകൾ പ്രകാരം പൊതുജനങ്ങളോട് മര്യാദയോടും, ബഹുമാനത്തോടും മോട്ടോർ വാഹനവകുപ്പിലെ ജീവനക്കാർ പെരുമാറണമെന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നിരുന്നാലും ഡ്രൈവിംഗ് ടെസ്റ്റിനു വരുന്ന സ്ത്രീകളോട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറുന്നത് സംബന്ധിച്ചുള്ള പരാതികൾ ഉണ്ടാകുന്നു. ആയതിനാൽ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുന്ന സ്ത്രീകളോട്, അവർ അർഹിക്കുന്ന മാന്യതയും ബഹുമാനവും ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുന്ന ഓരോ സ്ത്രീകളോടും മാന്യമായും, ബഹുമാനത്തോടുകൂടിയും പെരുമാറേണ്ടതാണ്.
2. സ്ത്രീകൾക്ക് വേണ്ടിമാത്രം ഒരു നിശ്ചിതസമയം ടെസ്റ്റിന് നൽകാവുന്നതാണ്
3. സ്ത്രീകൾക്ക് പ്രത്യേക ക്യൂ നൽകേണ്ടതും ഈ വിവരം ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്
4. സ്ത്രീകളെ പൊരിവെയിലത്ത് അനന്തമായി നിർത്തുന്നത് ഒഴിവാക്കേണ്ടതാണ്
5. ടെസ്റ്റ് സമയത്ത് സ്ത്രീകൾക്ക് ഇടവേള നൽകി, ലഘുഭക്ഷണം കഴിക്കാനുള്ള സമയം അനുവദിക്കേണ്ടതാണ്
6. ടെസ്റ്റിനുഹാജരാകുന്ന സ്ത്രീകളെ നിസ്സാരകാര്യങ്ങൾ പറഞ്ഞ് തിരിച്ചയക്കാൻ പാടില്ലാത്തതാകുന്നു
7. സ്ത്രീകളെ അകാരണമായി ടെസ്റ്റ് ഗ്രൗണ്ടിൽ നിർത്തി യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കാൻ പാടില്ലാത്തതാകുന്നു

മേൽപ്പറഞ്ഞ ഏതെങ്കിലും നിർദ്ദേശങ്ങളോ നിലവിലുള്ള മറ്റ് ചട്ടങ്ങളോ പാലിക്കപ്പെടുന്നില്ലെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ കർശനമായ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

പകർപ്പ്:- ഈ ഓഫീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും അറിവിലേക്കായി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്
കെ എസ്